## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3592 — 22.08.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡ് സറണ്ടർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ഉബൈദുള്ള :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |

(എ) സർക്കാർ ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഉൾപ്പെട്ട റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ നിന്ന് സറണ്ടർ ചെയ്തതു വഴി എത്ര കാർഡുടമകൾ ജനറൽ വിഭാഗത്തിലേക്ക് മാറിയെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(എ)

| | | |
|---|---|---|
| തിരുവനന്തപുരം | - | 11,304 |
| കൊല്ലം | - | 8,331 |
| ആലപ്പുഴ | - | 6,170 |
| പത്തനംതിട്ട | - | 4,558 |
| കോട്ടയം | - | 4,950 |
| ഇടുക്കി | - | 2,121 |
| എറണാകുളം | - | 5,514 |
| തൃശ്ശൂർ | - | 6,659 |
| പാലക്കാട് | - | 6,211 |
| മലപ്പുറം | - | 5,709 |
| കോഴിക്കോട് | - | 4,710 |
| വയനാട് | - | 1,369 |
| കണ്ണൂർ | - | 3,839 |
| കാസർഗോഡ് | - | 1,269 |
| **ആകെ** | - | **72,714** |

(ബി) പ്രത്യേക കുടുംബമായിട്ടും കാർഡുകൾ കുടുംബകാർഡിൽ നിന്നും മാറ്റാത്ത ജീവനക്കാരുടെ പേരുകളുള്ള കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ നിന്ന് നീക്കം ചെയ്യുമ്പോൾ അർഹതപെട്ട പല കുടുംബങ്ങൾക്കും മുൻഗണനാ വിഭാഗത്തിലെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്. മുൻഗണനാ വിഭാഗത്തിൽ നിന്നും ഒരു തവണ പുറത്താകുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ മുഖാന്തിരം വീണ്ടും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | പൊതുവിഭാഗം കാർഡിൽ ഉൾപ്പെട്ട ജീവനക്കാരും കാർഡുകൾ സറണ്ടർ ചെയ്യേണ്ടതുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇല്ല. |
| (ഡി) | രണ്ടും മൂന്നും കുടുംബങ്ങൾ ഉൾപ്പെട്ട റേഷൻ കാർഡുകൾ വിഭജിച്ച് പുതിയ കാർഡുകൾ നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*